LIBRARY ARCHIVES Kerala Legislative Assembly

## മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

74 (1436) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

കടുത്തുരുത്തി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെട്ട മാഞ്ഞൂർ, കല്ലറ പഞ്ചായത്തുകൾ ഉൾപ്പെടുത്തി 29-9-2015-ലെ സ.ഉ.(കൈ) നമ്പർ 212/2015/ആഭ്യന്തരം പ്രകാരം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരിച്ചിട്ടുള്ളതും 4-2-2021-ലെ സ.ഉ.(കൈ)നമ്പർ31/2021/ആഭ്യന്തരം പ്രകാരം മാഞ്ഞൂർ പോലീസ് സ്റ്റേഷന് തസ്തിക അനുവദിച്ച് ഉത്തരവായി. 6-5-2021-ലെ സ.ഉ.(അച്ചടി) നമ്പർ 40/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം മാഞ്ഞൂർ വില്ലേജിൽ, കുറുപ്പന്തറ കരയിൽ കുറുപ്പന്തറ കടവുഭാഗത്ത് മാഞ്ഞൂർ പഞ്ചായത്ത് വാർഡ് 3-ൽ മാക്കിൽ വീട്ടിൽ പോൾസൺ തോമസിന്റെ 742 നമ്പറായ കെട്ടിടം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷന് അനുയോജ്യമായ കെട്ടിടം താത്കാലികമായി കണ്ടെത്തുകയും ഇക്കാര്യം പോലീസ് അധികൃതർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തെങ്കിലും പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന് തടസ്സമായിട്ടുള്ളത് എന്താണെന്ന് വിശദമാക്കാമോ?

പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് കണ്ടെത്തിയ മാഞ്ഞൂർ വില്ലേജ്, കുറുപ്പന്തറ കരയിൽ കുറുപ്പന്തറ കടവ് ഭാഗത്ത് മാഞ്ഞൂർ പഞ്ചായത്ത് മൂന്നാം വാർഡിൽ, മാക്കിൽ വീട്ടിൽ പോൾസൺ തോമസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള, 742 നമ്പർ വാടക കെട്ടിടത്തിന്റെ വാടക പി.ഡബ്ല്യു.ഡി.-യിൽനിന്നും നിശ്ചയിച്ചുകിട്ടുന്നതിനായി കെട്ടിട ഉടമയോട് ആവശ്യമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. കെട്ടിട ഉടമ നാളിതുവരെ ആയതിലേയ്ക്ക് ആവശ്യമായ വില്ലേജിൽനിന്നുള്ള ലാൻഡ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാടക നിശ്ചയിച്ച് കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം BTR-ൽ നിലം ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് മാഞ്ഞൂർ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുള്ളതുമാണ്.

(സി) കടുത്തുരുത്തി പോലീസ് സ്റ്റേഷനിലെ ജോലി ഭാരം കുറയ്ക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും 2015-16 കാലഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഈ സാമ്പത്തിക വർഷം തന്നെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) കടുത്തുരുത്തി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ആരംഭിച്ചിരിക്കുന്ന മാഞ്ഞൂർ പോലീസ് സ്റ്റേഷനുവേണ്ടി സ്ഥിരമായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം മാഞ്ഞൂർ പഞ്ചായത്തിൽ നിന്നും കൈമാറി ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് കാലതാമസം ഉണ്ടായാൽ ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് കുറുപ്പന്തറ കടവ് ഭാഗത്ത് കണ്ടെത്തിയ താത്കാലിക കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മാഞ്ഞൂർ പോലീസ് സ്റ്റേഷനുവേണ്ടി സ്ഥിരമായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം മാഞ്ഞൂർ പഞ്ചായത്തിൽനിന്നും കൈമാറി ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാന സർക്കാർ പോലീസ് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കുന്ന അടുത്ത ലിസ്റ്റിൽ മാഞ്ഞൂർ പോലീസ് സ്റ്റേഷനെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസിനുവേണ്ടി ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കൽ**

75 (1437) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനുവേണ്ടി പവൻ ഹൻസ് കമ്പനിയിൽനിന്നും ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തിട്ടുണ്ടോ; ഇപ്പോൾ പ്രസ്തുത ഹെലികോപ്റ്റർ ഉപയോഗിക്കുന്നുണ്ടോ എന്നതിന്റെയും വിശദാംശം നൽകുമോ?

ഉണ്ട്. കരാർ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ഹെലികോപ്റ്റർ ഇപ്പോൾ ഉപയോഗിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly